## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.213

03.02.2020- ൽ മറുപടിയ്ക്ക്

### ജയിൽ സുരക്ഷ

| ചോദ്യം<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സെൻട്രൽ ജയിലുകൾ ഉൾപ്പെടെ നിലവിൽ എത്ര ജയിലുകൾ ഉണ്ട് ; ഇവയിൽ മൊത്തം എത്ര തടവുകാർ ഉണ്ട് ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് സെൻട്രൽ ജയിലുകൾ ഉൾപ്പെടെ നിലവിൽ 55 ജയിലുകൾ ഉണ്ട്. 28.01.2020-ലെ എണ്ണമനുസരിച്ച് 7653 തടവുകാർ ഈ ജയിലുകളിൽ കഴിയുന്നുണ്ട്. (പുരുഷന്മാർ -7479, സ്ത്രീകൾ-174). |
| (ബി) | സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ എണ്ണം അനുവദനീ - യമായതിൽ കൂടുതലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 2 സെൻട്രൽ ജയിലുകളിലും (തിരുവനന്തപുരം, വിയ്യൂർ) 5 ജില്ലാ ജയിലുകളിലും (ആലപ്പുഴ, കോഴിക്കോട്, എറണാകുളം, വിയ്യൂർ, കോട്ടയം) 8 സ്പെഷ്യൽ സബ് ജയിലുകളിലും (കൊട്ടാരക്കര, മാവേലിക്കര, ചിറ്റൂർ, കാസർഗോഡ്, വൈത്തിരി, മഞ്ചേരി, കോഴിക്കോട്, ഇരിങ്ങാലക്കുട), 11 സബ് ജയിലുകളിലും (ആറ്റിങ്ങൽ, കണ്ണൂർ, തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ, വടകര, ചാവക്കാട്, ആലുവ, എറണാകുളം, ഒറ്റപ്പാലം, ആലത്തൂർ) 28.01.2020 ലെ ലോക്കപ്പ് റിപ്പോർട്ട് അനുസരിച്ച് അനുവദനീയമായതിലും കൂടുതൽ തടവുകാരെ പാർപ്പിച്ചിട്ടുണ്ട്. |
| (സി) | ജയിലിലെ സ്ഥിരം സുരക്ഷാ ജീവനക്കാരുടെ എണ്ണം കുറവായതുമൂലം താത്കാലിക ജീവനക്കാരെ സുരക്ഷാ ജോലികൾക്ക് നിയോഗിക്കുന്നത് ജയിൽ സുരക്ഷയെ ബാധിക്കും എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | (സി) | ജയിലിലെ സുരക്ഷാ ജോലികൾ നിർവ്വഹിക്കുന്നതിനായി താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഈ ക്രമീകരണം ജയിൽ സുരക്ഷയെ ഒരു വിധത്തിലും ബാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ